**14-ാം കേരള നിയമ സഭ**
**2-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.232** **26.09.2016-ൽ മറുപടിയ്ക്ക്**

## 2015-ലെ സ്വാശ്രയ മെഡിക്കൽ പ്രവേശനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.പി.കെ.ബഷീർ :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2015 വർഷത്തിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ ബി.പി.എൽ/കുറഞ്ഞ വരുമാനം, എസ്.ഇ.ബി.സി കുട്ടികൾക്ക് ഫീസിളവ് നൽകുന്നതിനുള്ള മാനദണ്ഡം 2015-ലെ പ്രോസ്പെക്ടസ് പ്രകാരം എങ്ങനെയായിരുന്നു; വിശദമാക്കുമോ; ഇവർക്ക് 2016-ലെ പ്രോസ്പെക്ടസിലെ മാനദണ്ഡങ്ങൾ ബാധകമാകുമോയെന്ന് വ്യക്തമാക്കുമോ ; | (ബി) സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ മെരിറ്റ് സീറ്റിൽ പ്രവേശനം നേടിയിട്ടുള്ള ബി.പി.എൽ/കുറഞ്ഞ വരുമാനം, എസ്.ഇ.ബി.സി. എന്നീ വിഭാഗങ്ങൾക്കുള്ള ഫീസിളവിന്റെ മാനദണ്ഡങ്ങൾ പ്രോസ്പെക്ടസിൽ പ്രതിപാദിക്കാറില്ല. ഓരോ വർഷവും സർക്കാരും സ്വാശ്രയ കോളേജ് മാനേജ്മെന്റുകളും തമ്മിൽ പ്രവേശനത്തിന് മുന്നോടിയായി ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഫീസിളവ് അനുവദിച്ചുവരുന്നത്. മേൽ കരാറിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളിൽ ഫീസിളവിന്റെ മാനദണ്ഡം പ്രതിപാദിക്കുന്നുണ്ട്. അതുപ്രകാരം സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 50% സർക്കാർ സീറ്റുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ ബി.പി.എൽ/കുറഞ്ഞ വരുമാനം, എസ്.ഇ.ബി.സി എന്നീ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഫീസിളവ് അനുവദിക്കുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 1- ആയി ചേർക്കുന്നു. ബി.പി.എൽ/കുറഞ്ഞ വരുമാനമുള്ള വിഭാഗത്തിൽ ഫീസാനുകൂല്യത്തിനായി വിദ്യാർത്ഥികളെ കണ്ടെത്തുന്നത് കുറഞ്ഞ കുടുംബ വാർഷിക വരുമാനത്തിന്റെയും എസ്.ഇ.ബി.സി. വിഭാഗത്തിൽ ഫീസാനുകൂല്യത്തിന് അർഹരായവരെ കണ്ടെത്തുന്നത് |

| | |
|---|---|
| | മെഡിക്കൽ റാങ്കിന്റെയും അടിസ്ഥാനത്തിലുമാണ്. 2016-17 ഫീസിളവിനുള്ള മാനദണ്ഡങ്ങൾ ഈ വർഷം സർക്കാരും മാനേജ്മെന്റുകളുമായി ഏർപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവുകൾക്കനുസൃതമാണ്. 2015-16 അധ്യയന വർഷത്തെ മാനദണ്ഡങ്ങൾ തന്നെയാണ് 2016-17 വർഷത്തെ ഉത്തരവുകളിലും പ്രതിപാദിച്ചിട്ടുള്ളത്. 2016-17 -ലെ ഫീസിളവിന്റെ വിശദാംശങ്ങൾ അനുബന്ധം II-ായി ചേർക്കുന്നു. |
| (ബി) 2014-15, 2015-16 വർഷത്തിൽ ഉത്തരത്തിലുള്ള എത്ര കുട്ടികൾക്ക് ഫീസിളവ് നൽകിയിട്ടുണ്ട്; ആയതിന്റെ പൂർണ്ണവിവരം, കുട്ടികളുടെ ലിസ്റ്റ്, പഠിക്കുന്ന സ്ഥാപനം, വാർഷിക വരുമാനം, കാറ്റഗറി ഇവ തരം തിരിച്ച് ലഭ്യമാക്കുമോ ; | (ബി) പട്ടിക അനുബന്ധം III, IV -ായി ചേർക്കുന്നു. |
| (സി) 2015 പ്രോസ്പെക്ടസ് പ്രകാരം കുറഞ്ഞ വരുമാനമുള്ള നിരവധി കുട്ടികൾക്ക് അർഹമായ ഫീസിളവ് നൽകാത്തതു സംബന്ധിച്ച പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (സി) ഉണ്ട്. ഓരോ വർഷവും സർക്കാരും വിവിധ സ്വാശ്രയ കോളേജ് മാനേജ്മെന്റുകളും തമ്മിൽ മെഡിക്കൽ പ്രവേശനത്തിന് മുന്നോടിയായി ഏർപ്പെടുന്ന കരാറുകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ഫീസിളവിന് അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തിയിട്ടുള്ളത്. ടി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുമാത്രമാണ് ഫീസിളവ് നടപ്പാക്കുന്നത്. എന്നാൽ എസ്.ഇ.ബി.സി വിഭാഗത്തിൽ ഫീസിളവ് അനുവദിക്കുന്നത് മുൻവർഷങ്ങളിലെപ്പോലെ മെഡിക്കൽ റാങ്കിന്റെ അടിസ്ഥാനത്തിലായതിനാൽ ഉയർന്ന വാർഷിക വരുമാനമുള്ള എസ്.ഇ.ബി.സി. വിദ്യാർത്ഥികൾക്കും ഫീസിളവ് ലഭ്യമായിട്ടുണ്ട്. താരതമ്യേന കുറഞ്ഞ വരുമാനമുള്ള പല എസ്.ഇ.ബി.സി. വിദ്യാർത്ഥികൾക്കും താഴ്ന്ന മെഡിക്കൽ റാങ്കായതിന്റെ കാരണത്താൽ ഫീസിളവ് ലഭിച്ചിട്ടുമില്ല. ഈ രീതിയിലുള്ള 12 പരാതികൾ കേരള പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. |

(9 പരാതികൾക്ക് ഇതിനോടകം മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്).

(ഡി) ഇക്കാര്യത്തിൽ പി.കെ.ദാസ് കോളേജിലെ വിദ്യാർത്ഥികളായ റനീഷ് മുണ്ടോടൻ, നൗറിൻ, നിസാർ, മുഹമ്മദ് ഷാഫി, നജ്മത്ത് എന്നിവരുടെ പരാതി ലഭിച്ചിരുന്നോ; 2015-ലെ പ്രോസ്പെക്ടസ് പ്രകാരം അവർക്ക് ഫീസിളവിന് അർഹതയുണ്ടായിരുന്നോ; എങ്കിൽ ഫീസിളവ് നല്കാതിരിക്കാനുള്ള കാരണത്തെക്കുറിച്ചന്വേഷിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

(ഡി) ഉണ്ട്. 2015-16 അധ്യയന വർഷത്തിലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ഫീസിളവിന് അർഹതയില്ല. ഇക്കാര്യം അപേക്ഷകരെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്